# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 632** 2-11-2016 -ൽ മറുപടിക്ക്

## വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ശ്രീ.സി.എഫ്.തോമസ് :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. മോൻസ് ജോസഫ് :<br>ഡോ.എൻ. ജയരാജ് : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | റബ്ബർ തോട്ടങ്ങളിലൂടെയും കൃഷി സ്ഥലങ്ങളിലൂടെയും കടന്നുപോകുന്ന വൈദ്യുതി ലൈനുകളിൽ മരച്ചില്ലകളും മറ്റും തട്ടുന്നതുമൂലം വൈദ്യുതി തടസ്സവും പ്രസരണ നഷ്ടവും സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി എത്തിക്കുന്നതിനായി സംസ്ഥാനമൊട്ടാകെയുള്ള വൈദ്യുതി വിതരണ ശൃംഖലയിൽ ഓവർഹെഡ് ലൈനുകളിലൂടെയാണ് പ്രധാനമായും വൈദ്യുതിയുടെ വിതരണം നടത്തി വരുന്നത്. പ്രസ്തുത വൈദ്യുതി ലൈനുകൾ കൂടുതലും ജനസാന്ദ്രതയേറിയ പ്രദേശ ങ്ങളിലൂടെയും ഇടതിങ്ങിയ വൃക്ഷങ്ങൾ ഉള്ള പ്രദേശങ്ങളിലൂടെയും കൃഷിസ്ഥലങ്ങളിലൂടെയുമാണ് കടന്നു പോകുന്നത്. ഇക്കാരണങ്ങളാൽ പല സ്ഥലങ്ങളിലും വൈദ്യുതി ലൈനുകളിൽ മരച്ചില്ലകളും മറ്റും തട്ടി നില്ക്കുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. ഇതു മൂലം ഊർജ്ജ നഷ്ടവും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>വൈദ്യുതി ലൈനുകളിൽ മരച്ചില്ലകൾ തട്ടാൻ ഇടവരാത്ത വിധം നിശ്ചിത അകലത്തിൽ മരച്ചില്ലകൾ വെട്ടിമാറ്റാറുണ്ട്. |
| (ബി) | ഇപ്രകാരമുള്ള വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് പ്രസ്തുത ലൈൻ കടന്നുപോകുന്ന വസ്തുവിന്റെ ഉടമ ചെലവ് വഹിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത് സാധാരണക്കാരന് സാമ്പത്തിക ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവ് സാധാരണ ഗതിയിൽ ഗുണഭോക്താവ് വഹിക്കണമെന്ന രീതിയാണ് കെ. എസ്. ഇ. ബി പിൻതുടരുന്നത്. എന്നാൽ പുരയിടങ്ങളിലൂടെ കടന്നു പോകുന്ന വൈദ്യുതി ലൈനുകൾ പരിപാലിക്കാനുള്ള ബുദ്ധിമുട്ടും അപകട സാദ്ധ്യതകളും ഊർജ്ജനഷ്ടവും കണക്കിലെടുത്ത് സാങ്കേതികമായി സാധ്യവും പൊതുവഴിയിലൂടെയുള്ള നിർദ്ദിഷ്ട ലൈൻ ദൂരക്കുറവുമാണെങ്കിൽ പ്രസ്തുത ലൈനുകൾ പൊതു വഴിയിലേക്ക് മാറ്റി സ്ഥാപിക്കാൻ കെ |

| | | | |
|---|---|---|---|
| | | | എസ് ഇ ബി നടപടി എടുക്കാറുണ്ട്. കേരളത്തിലെ ജനസാന്ദ്രതയും സ്ഥല ലഭ്യതയിലെ കുറവും കണക്കിലെടുത്തും ഉപഭോക്തൃ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയും ഒരു വസ്തുവിൽ കൂടി കടന്നു പോകുന്ന ലൈനുകൾ അതെ വസ്തുവിന്റെ മറ്റൊരു ഭാഗത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിന് (സാങ്കേതിക തടസ്സങ്ങൾ ഇല്ലാത്ത അവസരത്തിൽ) വസ്തുഉടമ ആവശ്യപ്പെടുന്ന പക്ഷം ലേബർ ചാർജ്ജ് അടച്ചാൽ മതി എന്ന് തീരുമാനിച്ച് ബോർഡ് ഉത്തരവ് ഇറക്കിയിട്ടുണ്ട്; എന്നാൽ ടി ലൈനുകൾ തന്റെ വസ്തുവിൽ നിന്നും ' മൊത്തത്തിൽ മാറ്റി സ്ഥാപിക്കാനാണ് ഉണഭോക്താവ് ആവശ്യപ്പെടുന്നതെങ്കിൽ ടി പ്രവൃത്തിക്കുള്ള ചെലവ് (ലേബർ ചാർജ്ജും അധിക സാധന സാമഗ്രികളുടെ വിലയും) ഉണഭോക്താവ് വഹിക്കേണ്ടതുണ്ട്. |
| (സി) | ഇപ്രകാരം പൊതുജനങ്ങൾക്ക് സാമ്പത്തിക ബുദ്ധിമുട്ട് വരുത്തുന്ന വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്ന തിനും ലൈൻ ഷിഫ്റ്റ് ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | തോട്ടങ്ങളിലും പുരയിടങ്ങളിലും കൂടി കടന്നു പോകുന്ന വൈദ്യുത ലൈനുകൾ പൂർണ്ണമായും മാറ്റുന്നത് ബോർഡിന് വൻ സാമ്പത്തിക ബാദ്ധ്യത വരുത്തും. ആയത് താരിഫ് വർദ്ധനയിലൂടെ മറ്റ് ഉപഭോക്താക്കളെ ബാധിക്കുന്നതാണ്. അതിനാൽ നിലവിലുള്ള രീതിയിൽ മാറ്റം വരുത്തുന്നത് ആശാസ്യമായിരിക്കില്ല. ലഭിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായ നടപടി സ്വീകരിച്ച് വിതരണ ലൈനുകൾ മാറ്റി സ്ഥാപിച്ചു നല്കുവാൻ വേണ്ട നിർദ്ദേശം നല്കുന്നതാണ്. വിതരണ ശൃംഖല ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി സാധ്യമായ സ്ഥലങ്ങളിൽ പൊതുവഴികളിലേക്ക് ലൈനുകൾ ഘട്ടം ഘട്ടമായി മാറ്റിസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻഓഫീസർ**